**No. CEE/4848/2013/KEAM-2014/TA1**

കേരള സരക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# കേരള മെഡിക്കൽ /എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ പ്രവേശനം –2014

## ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു.

2014-ലെ മെഡിക്കൽ /എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ടുമെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. 53,687 വിദ്യാർത്ഥികൾ സമർപ്പിച്ച 18,49,064 ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഒന്നാം ഘട്ട അലോട്ടുമെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **26.06.2014** മുതൽ **03.07.2014** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഒന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ, മാർക്ക് ഡാറ്റാ ഷീറ്റ്, പ്രോസ്പെക്ടസ് ഖണ്ഡിക 11.7.1 പ്രകാരം ഉള്ള എല്ലാ അസൽ രേഖകളും സഹിതം **27.06.2014** നും **03.07.2014** നും ഇടയിൽ അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന മെഡിക്കൽ/ഡന്റൽ കോളേജുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ബാക്കി തുക ഉണ്ടെങ്കിൽ അതത് കോളേജുകളിൽ പ്രവേശന സമയത്ത് ഒടുക്കേണ്ടതാണ്. എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഫീസ് ഒടുക്കാതിരിക്കുകയോ, നിശ്ചിത തീയതിയ്ക്കകം കോളേജുകളിൽ അഡ്മിഷൻ നേടാതിരിക്കുകയോ ചെയ്യുന്ന പക്ഷം അവരുടെ അലോട്ട്മെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. ഇവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിലവിലുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പരിഗണിക്കുന്നതല്ല. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മെഡിക്കൽ/ഡന്റൽ കോളേജുകളും **03.07.2014 വൈകുന്നേരം 5.30 ന്** മുൻപായി നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള മറ്റു കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **26.06.2014 മുതൽ 03.07.2014** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇവർ ഒന്നാം ഘട്ടത്തിൽ അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതില്ല. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതും അവർ ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

രണ്ടാം ഘട്ട അലോട്ടുമെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
25.06.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**